**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 165** **27-06-2022 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യാരോഗ്യകേന്ദ്രങ്ങളിലും താലൂക്ക് ആശുപത്രികളിലും സൈക്യാട്രി വിഭാഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യാരോഗ്യകേന്ദ്രങ്ങളിലും താലൂക്ക് ആശുപത്രികളിലും സൈക്യാട്രി വിഭാഗം ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | ആർദ്രം മാനദണ്ഡമനുസരിച്ച് താലൂക്ക് ആശുപത്രികളിൽ സൈക്യാട്രി വിഭാഗം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ സൈക്യാട്രി വിഭാഗം അനുവദിച്ചിട്ടില്ല. എന്നിരുന്നാലും ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ ആഭിമുഖ്യത്തിൽ എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും സൈക്യാട്രിസ്റ്റുകൾ ഇല്ലാത്ത താലൂക്ക് ആശുപത്രികളിലും മാനസികാരോഗ്യ ക്ലിനിക്ക് നടത്തി വരുന്നു. സൈക്യാട്രിസ്റ്റിന്റെ നേതൃത്വത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക്ക് സോഷ്യൽ വർക്കർ എന്നിവരടങ്ങുന്ന ടീമിന്റെ സേവനമാണ് ഇത്തരത്തിൽ മാസം തോറും ലഭ്യമാക്കുന്നത്. മനോരോഗ ഔഷധ ചികിത്സ, മനശാസ്ത്ര ചികിത്സ, സാമൂഹ്യ പുനരധിവാസ ചികിത്സ എന്നിവ ഇത്തരത്തിൽ സാമൂഹികാരോഗ്യകേന്ദ്രങ്ങളിൽ ലഭ്യമാണ്. ഇതിനുപുറമെ സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതിയുടെ കീഴിൽ 400 ഓളം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഔഷധങ്ങൾ ഉൾപ്പെടെയുള്ള മാനസികാരോഗ്യ തുടർ ചികിത്സയും ലഭ്യമാക്കുന്നുണ്ട്. താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിലവിൽ സൈക്യാട്രി വിഭാഗം പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത വിഭാഗത്തിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും ആയത് നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (ബി) | നിലവിൽ നെടുങ്കണ്ടം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ മാത്രമാണ് സൈക്യാട്രിസ്റ്റിന്റെ ഒഴിവ് ഉള്ളത്. ആയത് നികത്തുന്നതിന് വേണ്ട നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ